"ഭരണഭാഷ- മാതൃഭാഷ "

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തടനിയമം 2008 - ശ്രീ.ശശീന്ദ്രൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കൃഷി(എൻ.സി.എ) വകുപ്പ്

G.O.(Rt)No.720/2020/AGRI തീയതി,തിരുവനന്തപുരം, 18/08/2020

---

പരാമർശം:- 1 13.07.2015ലെ ജില്ലാ അധികൃതസമിതി കൺവീനറുടെ ടി.ബി(3)76/15(V)നം. ഉത്തരവ്.

2 24.07.2017ൽ ശ്രീ . ശശീന്ദ്രൻ സമർപ്പിച്ച റിവിഷൻ ഹർജി

3 01.08.2019ലെ കൃഷി ഓഫീസറുടെ KBK19/19-20 നമ്പർ റിപ്പോർട്ട്

4 21.07.2018 ൽ കല്യാശ്ശേരി വില്ലേജ് ഓഫീസറുടെ 172/2018 നം.റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി വില്ലേജിൽ സർവ്വേ നമ്പർ 96/2- ൽ ഉൾപ്പെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് പരാമർശം(1) പ്രകാരം അനുമതി നിഷേധിച്ചു. ടി ഉത്തരവിനെതിരെ ശ്രീ. ശശീന്ദ്രൻ പരാമർശം(2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചു. 02/8/2019 ൽ കണ്ണൂർ കളക്ടറേറ്റിൽ കൂടിയ അദാലത്തിൽ ടി ഹർജി പരിഗണിക്കുകയുണ്ടായി. ഹർജിക്കാരൻ താഴെ പറയും പ്രകാരം ബോധിപ്പിക്കുകയുണ്ടായി .

" തനിക്ക് സ്വന്തമായി 27 സെന്റാണ് ഉള്ളത്. അത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതു കാരണം വീട് നിർമ്മാണത്തിന് തടസ്സമായിരിക്കുകയാണ്. 5 സെന്റിൽ വീട് നിർമ്മിക്കാൻ പഞ്ചായത്തുതലത്തിൽ അപേക്ഷിച്ചത് നിരസിക്കുകയാണ ഉണ്ടായത്. പിന്നീട് അറിവില്ലായ്മ കൊണ്ട് തറകെട്ടി കളക്ടർക്ക് അപ്പീൽ നൽകി. ഹിയറിംഗ് കഴിഞ്ഞ് നിരസിച്ചാണ് ഉത്തരവായത്. ഇപ്പോൾ വേറെ താമസസൗകര്യമൊന്നും ഇല്ലാതെ തറയുടെ അടുത്ത് ഒരു ഷെഡ്ഡ് കെട്ടിയാണ താമസിച്ച വരുന്നത്. ഇത് ഒരു വയൽ പാടമല്ല . എന്റെ പിതാവിന്റെ സ്ഥലം മാത്രമേ വയലുള്ളൂ . 90 സെന്റ് അതിൽ ഒരു സൈഡിൽ ജ്യേഷ്ഠൻ വീട് എടുത്ത താമസിക്കുന്നുണ്ട്. ആ സമയത്ത് ഈ നിയമം വന്നില്ല. 2013 മുതൽ അതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ് . അനുമതി കിട്ടിയാൽ ബാക്കി സ്ഥലം കൃഷിയോഗ്യമായതിനാൽ 5 സെന്റ് എങ്കിലും വീട് നിർമ്മിക്കാൻ അനുവദിച്ചു തരുവാൻ താൽപ്പര്യപ്പെടുന്നു എന്ന് ഹർജിക്കാരൻ ബോധിപ്പിച്ചു "

ശ്രീ . ശശീന്ദ്രൻ കെ , കാന്തലോട്ട് ഹൗസ്, ഇരിണാവ് ( പി . ഒ .) എന്നവരുടെ പേരിൽ കല്ല്യാശ്ശേരി അംശം ഇരിണാവ് ദേശത്ത് 90/2 സർവ്വേ നമ്പറിൽ പ്പെട്ട 3 0 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. വീട്ട നിർമ്മാണത്തിന് അപേക്ഷിച്ചപ്പോൾ 3 ഭാഗം വയലായിരുന്നു. ഇപ്പോൾ സ്ഥലം സന്ദർശിച്ചതിൽ അനുമതി ലഭിക്കാതെ വീടിന്റെ തറ നിർമ്മിച്ചതായി മനസ്സിലായി. നിർദ്ദിഷ്ട സ്ഥലത്തിന്റെ ഒരു ഭാഗം ഇരങ്ങാവ്- ചെറുകുന്നുതറ റോഡും ഒരു ഭാഗത്ത വീടും പുരയിടവുമാണ്. വീട്ട നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന സ്ഥലം നികത്തുകയും തറ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ സ്ഥലത്ത് ഒരു ഷെഡ് കെട്ടിയാണ അപേക്ഷകനും കുടുംബവും ഇപ്പോൾ താമസിക്കുന്നത്. റോഡിനും തറയ്ക്കുമിടയിലുള്ള സ്ഥലം ചെറിയ രീതിയിൽ നികത്തിക്കഴിഞ്ഞു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനു വിധേയമായി ഉചിതമായ തീരുമാനമെടുക്കുന്നതിന ശുപാർശ ചെയ്യുന്നുവെന്ന് പരാമർശം( 3 ) പ്രകാരം കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഹർജിക്കാരനേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നേരിട്ട കേൾക്കുകയും ഇതുസംബന്ധിച്ച വസ്തുതകൾ പരിശോധിക്കുകയുമുണ്ടായി. പരാതിക്കാസ്പദമായ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. വീട്ട നിർമ്മാണത്തിന് അപേക്ഷിച്ചപ്പോൾ 3 ഭാഗം വയലായിരുന്നു .കേരളത്തിലെ ഭൂപ്രകൃതിയുടെ സവിശേഷ സാഹചര്യത്തിൽ നെൽ വയലുകൾക്ക് അതീവ പ്രാധാന്യമുണ്ട് . നെൽവയലുകൾ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതിലുപരിയായി ആവാസ വ്യവസ്ഥയുടെ ഏറ്റവും അമൂല്യ ഘടകമായ ജലം എല്ലാക്കാലത്തേക്കുമായി നിലനിർത്തുകയെന്ന പാരിസ്ഥിതീക പ്രാധാന്യം കൂടി ഉൾക്കൊള്ളുന്നുണ്ട് . കേരളത്തിലെ ജല സുലഭത 9 മാസങ്ങളിലായി പെയ്തിറങ്ങുന്ന ഇടവപ്പാതിയുടേയും കാല വർഷത്തിന്റേയും വേനൽ മഴയുടേയും ശക്തിയിലാണ് നിലകൊള്ളുന്നത് . ഇപ്രകാരം മഴവെള്ളത്തിലൂടെ ലഭിക്കുന്ന ജലമാണ് കേരളത്തിലൂടെ ഒഴുകുന്ന നദികളുടെ ജല സമൃദ്ധിക്ക് കാരണ മായിട്ടുള്ളത് . എന്നാൽ വിവിധ കാരണങ്ങൾകൊണ്ട് നെൽ വയലുകൾ നഷ്ടമാകുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കാനിടയുള്ളത് . അപേക്ഷക പ്രസ്തുത സ്ഥലം പരിവർത്തനപ്പെടുത്തിയത് ഗുരുതരമായ ചട്ട ലംഘനമാണ്. ആയതിനാൽ റിവിഷൻ ഹർജിയിലെ ആവശ്യം നിരാകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA.M.

DEPUTY SECRETARY

<u>പകർപ്പ്</u>

ജില്ലാകളക്ടർ, കണ്ണൂർ

ശ്രീ . ശശീന്ദ്രൻ കെ , കാന്തലോട്ട് ഹൗസ്, ഇരിണാവ് ( പി . ഒ .)

കൃഷി ഓഫീസർ, കൃഷി ഭവൻ, കല്ല്യാശ്ശേരി

വില്ലേജ് ഓഫീസർ, കല്ല്യാശ്ശേരി

വിവര പൊതുജനസമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SREELATHA S V
Date: 2020.08.20 11:12:01 IST
Reason: Approved

സെക്ഷൻ ഓഫീസർ